**റഹിസ്. ടി**
റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം,
എടവണ്ണ റെയിഞ്ച്, നിലമ്പൂർ.
ഫോൺ: 04931 221 959.
e-mail: ro-edavanna.for@kerala.gov.in

C1.189/2022

തിയ്യതി : 15/03/2022

DIVISIONAL FOREST OFFICE
15 MAR 2022
NILAMBUR NORTH DIVISION

സ്വീകർത്താവ്,

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
നിലമ്പൂർ നോർത്ത് ഡിവിഷൻ

Section
DFO
ACF
SS
JS
SA

സർ,

വിഷയം : ശ്രീ. പി.പി വീരാൻ, മാനേജിങ്ങ് പാർട്ണർ എന്നയാൾ പരിവേഷ് പോർട്ടലിൽ നൽകിയ Proposal No: FP/KL/Others/152407/2022 നമ്പർ അപേക്ഷയിലെ പരിശോധന റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന : 1) അങ്ങയുടെ 02/03/2022 തീയ്യതിയിലെ ഡി–1648/2022 നമ്പർ കത്ത്.
2) ശ്രീ. പി.പി വീരാൻ, മാനേജിങ്ങ് പാർട്ണർ, ചെറുപാറ ഗ്രാനൈറ്റ്സ് എന്നവരുടെ 21/12/2021 തീയ്യതിയിലെ അപേക്ഷ.

മേൽ വിഷയത്തിലേക്കും സൂചനകളിലേക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. അപേക്ഷയിൽ പറയുന്ന ഭൂമി ഏറനാട് താലൂക്കിലെ വെറ്റിലപ്പാറ വില്ലേജിൽ കൂരങ്കല്ല് ചളിക്കൽ എന്ന സ്ഥലത്ത് സർവ്വെ നമ്പർ 8/2 ൽപ്പെടുന്നതാണ്. ടി ഭൂമി ശ്രീ. പിലാക്കൽകണ്ടി അബു, S/o മുഹമ്മദ്, കീഴുപറമ്പ് എന്നവരുടെ കൈവശ ഭൂമിയാണെന്ന് അവകാശം ഉന്നയിച്ചുവന്നിരുന്നതും, 07/10/2016 ൽ 95/2016 നമ്പറായി പട്ടയം അനുവദിച്ചിട്ടുണ്ടെന്നും 2019 വരെ ടിയാൻ ഈ ഭൂമിക്ക് കരം അടച്ചിട്ടുണ്ടെന്നുമുള്ള രേഖകൾ സമർപ്പിച്ചിട്ടുള്ളതുമായിരുന്നു. എന്നാൽ അപേക്ഷയിൽ പറയുന്ന ടി ഭൂമി റവന്യൂ വകുപ്പിന് പതിച്ചുനൽകുന്നതിനായി കൈമാറിയിട്ടുള്ളതും പതിച്ചു നൽകാത്തതുമായ ഭൂമിയിൽ പ്പെട്ടതുമാണ്. ടി ഭൂമി 2019 ൽ 14 ജണ്ടകൾ നിർമ്മിച്ച് വനഭൂമിയായി സംരക്ഷിച്ച് നിലനിർത്തി വരുന്നുണ്ട്. ചെറുപാറ ഗ്രാനൈറ്റ് എന്ന സ്ഥാപനത്തിന് വെറ്റിലപ്പാറ വില്ലേജിലെ 8/2 സർവ്വെ നമ്പറിലുള്ള 55 ഏക്കർ സ്ഥലത്തിന് നടുവിലായിട്ടാണ് മേൽ സ്ഥലം സ്ഥിതി ചെയ്യുന്നത്.

വി.എഫ്.സി ഐറ്റം നമ്പർ 26 ഊർങ്ങാട്ടിരി മലവാരം ബിറ്റ് നമ്പർ XVII സർക്യൂട്ട് നമ്പർ 1 ചളിക്കൽ ബിറ്റിൽ ഉൾപ്പെട്ട 9.158 ഹെക്ടർ ഭൂമിയിൽ വരുന്നതാണ് ഈ സ്ഥലം. ഇതിൽ 8 ഹെക്ടർ സ്ഥലം നാലു പേർക്കായി പതിച്ചു കൊടുത്തതിൽ ബാക്കിയുള്ളതാണെന്നും, വനം റവന്യൂ സംയുക്ത സർവ്വെയ്ക്ക് ശേഷം ജണ്ടകെട്ടി സംരക്ഷിച്ചതാണെന്നും മനസ്സിലാക്കുന്നു. റവന്യു വകുപ്പ് രേഖാമൂലം കൈമാറിയിട്ടില്ലാത്തതുമാണ്.

മേപ്പടി സ്ഥലത്തിന് പിലാക്കൽകണ്ടി അബു, S/o മുഹമ്മദ്, പിലാക്കൽകണ്ടി വീട്, കീഴുപറമ്പ്, ഏറനാട് എന്നയാൾക്ക് 07/10/2016 തീയ്യതിയിൽ 95/2016 നമ്പർ പ്രകാരം എൽ.ടി പട്ടയം ഉള്ളതായി കാണുന്നു. ടിയാൻ ഹാജരാക്കിയ വെറ്റിലപ്പാറ വില്ലേജ് ഓഫീസറുടെ 1501/219 നമ്പർ ലൊക്കേഷൻ സർട്ടിഫിക്കറ്റും, ഊർങ്ങാട്ടിരി സർവ്വീസ് സഹകരണ ബാങ്കിന്റെ ആവശ്യത്തിന് വാങ്ങിച്ചതായാണ് കാണുന്നത്. ടി സ്ഥലം സംബന്ധിച്ച് മറ്റെന്തെങ്കിലും ഹാജരാക്കുവാനോ, ബോധിപ്പിക്കുവാനോ ഉണ്ടെങ്കിൽ ആയത് ബോധിപ്പിക്കുവാൻ ആവശ്യപ്പെട്ടതനുസ

കുകയും മേപ്പടി സ്ഥലം തന്റെ പിതാവ് പിലാക്കൽകണ്ടി മുഹമ്മദ് 50 വർഷങ്ങൾക്ക് മുമ്പ് കൊയപ്പത്തൊടി കുടുംബക്കാരുടെ പക്കൽ നിന്നും വാക്കാൽ പാട്ടത്തിനെടുത്ത് കൃഷി ചെയ്തുവരികയാണെന്നും, ടിയാന്റെ പിതാവിന്റെ മരണ ശേഷം ടിയാന്റെ മാതാവും മക്കളും കൈവശം വെച്ചു വന്നിരുന്നതാണെന്നും 95/2016 നമ്പറായി എനിക്ക് പട്ടയം അനുവദിച്ചിട്ടുണ്ടെന്നും 2019 വരെ ഞാൻ ഈ ഭൂമിക്ക് കരം അടച്ചിട്ടുണ്ടെന്നും എനിക്ക് വേറെ ഭൂമിയില്ലെന്നും കുനിയിൽ എന്ന സ്ഥലത്ത് ഭാര്യയുടെ പേരിലുള്ള 6 സെന്റ് ഭൂമിയിലാണ് വീടുവെച്ചിട്ടുള്ളത് എന്നും ഞങ്ങളുടെ സ്ഥലം ഞങ്ങൾക്ക് തന്നെ വിട്ടു തരണമെന്ന് പറയുകയും അപ്രകാരം ഒരു സ്റ്റേറ്റ്മെന്റ് നൽകിയിട്ടുള്ളതായും കാണുന്നുണ്ട്.

ടി സ്ഥലവുമായി ബന്ധപ്പെട്ട് ശ്രീ. പി.കെ അബു എന്നവർ 27/08/2019 നു ബഹു: കേരള മുഖ്യമന്ത്രിക്കും, 03/06/2020 നു ബഹു: നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കും 03/07/2020 നു ബഹു: വനം മന്ത്രിക്കും അപേക്ഷകൾ നൽകിയിട്ടുള്ളതാണ്. വനം വകുപ്പിന്റെ സർവ്വേ പ്രവർത്തി നടന്നു വരുന്ന പഞ്ചാത്തലത്തിൽ പ്രസ്തുത ഭൂമിയിൽ അവകാശമുന്നയിക്കുന്നതിനായാണ് മുകളിൽ പരാമർശിക്കുന്ന പട്ടയം സംഘടിപ്പിച്ചതെന്ന് ന്യായമായും സംശയിക്കാവുന്നതാണ്. മാത്രവുമല്ല ഉടമസ്ഥാവകാശം ലഭിക്കുന്നതിനായി പരാതിക്കാരൻ നാളിതുവരെ ബഹു: ഫോറസ്റ്റ് ട്രിബ്യൂണലിനെ സമീപിച്ചതായി കാണുന്നില്ല.

എന്നാൽ ശ്രീ. പി.കെ അബു എന്നവർ അവകാശം ഉന്നയിച്ചിരുന്ന ടി അപേക്ഷ സ്ഥലം ബഹു: ഹൈക്കോടതിയുടെ WPC 32113/2014 ഉത്തരവ് പ്രകാരം വനം വകുപ്പിനെ ഏൽപ്പിക്കുന്നതിനായി നിയോഗിച്ച വനം റവന്യൂ സംയുക്ത സർവ്വെ ടീം സർവ്വേ ചെയ്തു സ്കെച്ച് തയ്യാറാക്കുകയും, വനമായി നിലനിർത്തി പേരുന്നതും, മേലധികാരത്തിലെ നിർദ്ദേശാനുസരണം കഴിഞ്ഞ 2019 ആഗസ്ത് മാസം സർവ്വെ പോയിന്റുകളിൽ 14 സ്ഥിരം ജണ്ടകൾ നിർമ്മിച്ച് വനമായി സംരക്ഷിച്ചുവരുന്നതുമാണ്.

മേൽ വനഭൂമി സ്ഥലമാണ് ശ്രീ. വി.പി വിരാൻ എന്നവർ പരിവേഷ് പോർട്ടൽ വഴി ഇക്കോഫാം ആരംഭിക്കുന്നതിന് മേൽ സൂചന (2) അപേക്ഷ പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അപേക്ഷ പ്രകാരം സ്ഥലപരിശോധന നടത്തിയതിൽ വെറ്റിലപ്പാറ വില്ലേജിൽ സർവ്വെ നമ്പര 8 ൽ ഉൾപ്പെട്ട ജണ്ടകെട്ടി സംരക്ഷിച്ച് വരുന്ന 1.1574 ഹെക്ടർ വനഭൂമിയാണെന്ന് ബോധ്യമായിട്ടുള്ളതാണ്. എന്നാൽ അപേക്ഷയോടൊപ്പം ടിയാൻ സമർപ്പിച്ച സ്കെച്ചും ടി വനഭാഗത്തെ വി.എഫ് സ്കെച്ചും തമ്മിൽ ചെറിയ വ്യത്യാസമുള്ളതായി കാണുന്നു. ആയതിനാൽ ആയത് ശരിയാക്കി വീണ്ടും സമർപ്പിക്കാൻ അപേക്ഷനോട് അറിയിച്ചിട്ടുള്ളതാണ്. മേൽ വിവരങ്ങൾ അങ്ങയുടെ തുടർനടപടികൾക്കായി റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
എടവണ്ണ റെയിഞ്ച്